ഹാമിദ് എളയടം

# മൗലിദാചാരവും വിമർശകരും

റബീഉൽഅവ്വൽ വരുമ്പോൾ പ്രവാചകന്റെ ജന്മദിനമാഘോഷിക്കലും അവിടുത്തെ മദ്ഹുകൾ പറഞ്ഞും സദ്യ വിളമ്പിയും സന്തോഷം പ്രകടിപ്പിക്കലുമെല്ലാം ലോകമുസ്‌ലിംകളുടെ കാലങ്ങളായി തുടർന്നു വരുന്ന ഒരു ചര്യയാണ്. ഇതു ശരിയല്ലെന്നും ശർഇനു വിരുദ്ധമായ ബിദ്അത്തും ശിർക്കുമെല്ലാം വന്നുചേരുന്നതും ശർഇയ്യായ യാതൊരടിസ്ഥാനവുമില്ലാത്തതുമാണിതെന്നും പ്രസംഗിച്ചും എഴുതിയും ഈ മാസം കളഞ്ഞുകുളിക്കാൻ വിധിക്കപ്പെട്ട ഒരു കൂട്ടം ഹതഭാഗ്യരുമുണ്ട് കേരളത്തിൽ. പ്രവാചകരുടെയും ഖുലഫാഉർറാശിദുകളുടെയും കാലത്ത് നടപ്പില്ലാത്തതെല്ലാം നിഷിദ്ധവും മോശമായ ബിദ്അത്തുമാണെന്ന ബുദ്ധിശൂന്യമായ സങ്കല്പമാണ് ഇങ്ങനെ വിധിയെഴുതാൻ അവരെ പ്രേരിപ്പിച്ചത്.

ഈ വാദം ശരിയല്ലെന്നു മാത്രമല്ല, പ്രവാചകരുടെയും സ്വഹാബത്തിന്റെയും കാലത്തില്ലാത്ത പലതും പിൽക്കാലത്ത് അനിവാര്യമായതുപോലും ശരീഅത്തിൽ നമുക്കു കാണാൻ കഴിയും. നബി(സ)യുടെ ഒരു വചനത്തിൽ തന്നെ

من سن في الاسلام سنة حسنة എന്നും ശേഷം ومن سن في الاسلام سنة سيئة എന്നും വേർതിരിച്ച് പറഞ്ഞതിൽ നിന്ന് പുതുതായി ഉണ്ടാകുന്നതിൽ നല്ലതും മോശമായതുമുണ്ടാകുമെന്ന് നമുക്കു മനസ്സിലാക്കാം. മഹാനായ ഉമർ(റ) രണ്ടാമത് തറാവീഹിനെ ഒരിമാമിനു കീഴിൽ ഒരുമിച്ചു കൂട്ടിയപ്പോൾ نعمت البدعة هذه (ഇത് നല്ല ബിദ്അത്താണ്) എന്നു പറഞ്ഞത് പ്രസിദ്ധ ഹദീസ്ഗ്രന്ഥങ്ങളെല്ലാം ഉദ്ധരിച്ചതാണ്.

ഇമാം ബൈഹഖി(റ) ഉദ്ധരിക്കുന്നു: ഇമാം ശാഫിഈ(റ) പറഞ്ഞു: പുതുതായി ഉണ്ടാക്കപ്പെടുന്ന കാര്യങ്ങൾ രണ്ടുവിധത്തിലാണ്. ഒന്ന്: قرآن، سنة، اجماع എന്നിവയിലേതിനോടെങ്കിലും വിരുദ്ധമായി പുതുതായി ഉണ്ടാക്കപ്പെട്ടത്. ഇത് പിഴച്ച ബിദ്അത്താണെന്നതിൽ സംശയമില്ല. രണ്ട്: ഇവയിലൊന്നിനോടും വിരുദ്ധമല്ലാതെ പുതുതായി ഉണ്ടാക്കപ്പെട്ടത്. ഇത്തരം കാര്യങ്ങൾ ആക്ഷേപിക്കപ്പെട്ട ബിദ്അത്തുകളിൽ പെടുകയില്ല. ഇമാം നവവി(റ) تهذيب الأسماء واللغات എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'ബിദ്അത്ത്' എന്നാൽ പ്രവാചകന്റെ കാലത്ത് നടപ്പില്ലാത്തത് എന്നാണർത്ഥം. ഇത്തരം ബിദ്അത്തുകളിൽ നല്ലത്, മോശമായത് എന്നിങ്ങനെ രണ്ട് ഇനങ്ങളുമുണ്ടാകും. ഇസ്സുദ്ദീനുബ്നുഅബ്ദിസ്സലാം(റ) തന്റെ القواعدൽ പറയുന്നു: ബിദ്അത്ത് വാജിബ്, സുന്നത്ത്, ഹറാം, കറാഹത്ത്, മുബാഹ് എന്നിങ്ങനെ അഞ്ചുവിധത്തിലുണ്ടാകും. ഇതറിയാനുള്ള മാർഗ്ഗം പുതുതായി ഉണ്ടാക്കപ്പെട്ട കാര്യങ്ങളെ ശർഇന്റെ നിയമങ്ങളുമായി ബന്ധിപ്പിച്ചു നോക്കുകയാണ്. വാജിബിന്റെ തത്ത്വങ്ങൾക്കനുസൃതമാണ് പുതുതായി ഉണ്ടാക്കപ്പെട്ട കാര്യങ്ങളെങ്കിൽ അത്തരം കാര്യങ്ങൾ നിർബ്ബന്ധമായിരിക്കും. നഹ്‌വിന്റെ ക്രോഡീകരണം ഉദാഹരണം. ഇപ്രകാരം ശർഇന്റെ തത്ത്വങ്ങൾക്കനുസരിച്ച് ബിദ്അത്തിന് മറ്റു ഹുക്മുകളും ബാധകമാകും. അക്കൂട്ടത്തിൽ മുൻകാലത്ത് നടപ്പില്ലാത്ത രീതിയിൽ അല്ലാഹുവിനു വേണ്ടി സദ്യവിളമ്പിയും പ്രവാചകന്റെ മദ്ഹുകളോതിയും ജനങ്ങളെ ഒരുമിച്ചു കൂട്ടലും പുണ്യമുള്ള-സുന്നത്തായ-ബിദ്അത്തുകളിൽ പെട്ടതാണ്. അപ്പോൾ, എല്ലാ ബിദ്അത്തും ضلالة ആണ് എന്ന ഹദീസിലെ ബിദ്അത്തിനർത്ഥം 'ശർഇനെതിരായ എല്ലാ ബിദ്അത്തുകളും' എന്നാണെന്നും വിജ്ഞരായ പണ്ഡിതർ വ്യക്തമാക്കുന്നു.

ഇനി, നബി(സ) ജനിച്ചതുകൊണ്ട് ആ ദിവസം പ്രത്യേകമായി ദാന-ധർമ്മങ്ങളും സദ്യകളുമൊരുക്കുന്നതിന്റെ ശർഇയ്യായ മാനം ചിന്തിക്കാം. ഒരിക്കൽ പ്രവാചരോട് തിങ്കളാഴ്ചത്തെ നോമ്പിനെക്കുറിച്ച്

ചോദിച്ചയാളോട് ذاك يوم ولدت (ഞാൻ ജനിച്ച ദിനമാണത്) എന്നു പ്രവാചകൻ(സ) മറുപടി നല്കിയതായി ഹദീസുകളിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്ന് പ്രവാചകന്റെ(സ) ജനനമാസമായ ربيع الأول ന് വലിയ മഹത്വമുണ്ടെന്നും അന്നു ദാനധർമ്മങ്ങൾ നല്കൽ വിശ്വാസികൾക്കു പുണ്യമുള്ളതാണെന്നും മനസ്സിലാക്കാമെന്ന് ഇമാം സുയൂത്വി(റ) തന്റെ ഫത്‌വായിൽ വിശദീകരിക്കുന്നു. തുടർന്നദ്ദേഹം പറയുന്നു: 'എന്നാൽ, എന്തുകൊണ്ട് പ്രവാചകർ(സ) താൻ ജനിച്ച ദിവസം പ്രത്യേക ഇബാദത്തുകൾ നടത്തിയില്ല?' എന്നു ചോദിച്ചാൽ അതിന്റെ മറുപടി, താൻ പ്രവർത്തിച്ചതുകാരണം നിർബന്ധമാക്കപ്പെടുകയും അതു തന്റെ ഉമ്മത്തിനു ഭാരമാവുകയും ചെയ്യുമെന്ന ഭീതി കൊണ്ടും ഉമ്മത്തിനോടുള്ള അതിയാ സ്നേഹം കൊണ്ടുമാണ് പ്രവാചകൻ അതുപേക്ഷിച്ചത് എന്നാണ്.

മൗലിദാചാരത്തെക്കുറിച്ചുള്ള ചോദ്യത്തിന് 9-ാം നൂറ്റാണ്ടിൽ വഫാത്തായ ലോകപ്രശസ്ത ഹദീസ് പണ്ഡിതൻ ഹാഫിള്ഇബ്നുഹജർ(റ) ഫത്‌വാ നല്കിയത് ഇങ്ങനെയാണ്. "ആദ്യനൂറ്റാണ്ടുകളിലൊന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ലാത്ത ഒരാചാരമാണ് ഇന്നു നടക്കുന്ന മൗലിദാചാരമെങ്കിലും നന്മകൾ മാത്രം ഉൾക്കൊള്ളുന്ന രീതിയിലാണെങ്കിൽ അത്തരം ആചാരങ്ങൾ നല്ല ബിദ്അത്തുകൾ തന്നെയാണ്. മാത്രമല്ല, വിശുദ്ധ ഹദീസ്ഗ്രന്ഥങ്ങളായ ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഒരു ഹദീസിനെ നമ്മുടെ മൗലിദാചാരത്തിനു തെളിവായി കണ്ടെത്താമെന്നും ഞാൻ മനസ്സിലാക്കുന്നു. അതായത്, നബി(സ) മദീനയിലേക്കു കടന്നുവന്നപ്പോൾ അവിടെയുള്ള യഹൂദികൾ ആശൂറാഇന്റെ ദിവസം നോമ്പനുഷ്ഠിക്കുന്നതായി പ്രവാചകർ ശ്രദ്ധിച്ചു. കാരണമന്വേഷിച്ചപ്പോൾ അവരുടെ മറുപടി ഇങ്ങനെയായിരുന്നു: ഫിർഔനെ കടലിൽ മുക്കി മൂസാ(അ)യെ അല്ലാഹു രക്ഷിച്ചത് ഈ ദിനത്തിലായിരുന്നു. അതിനു നന്ദിയായാണു ഞങ്ങൾ നോമ്പനുഷ്ഠിക്കുന്നത്. ഇതു കേട്ട പ്രവാചകൻ(സ) പറഞ്ഞു: മൂസാ(അ)യോട് നിങ്ങളേക്കാൾ ബന്ധപ്പെട്ടവർ ഞങ്ങളാണ്.

ഈ ഹദീസിൽ നിന്ന്, അല്ലാഹു പ്രത്യേകം അനുഗ്രഹം ചെയ്ത ദിനങ്ങളിൽ അവനു നന്ദിയായി നോമ്പ്, ദാനധർമ്മം നല്കൽ, ഖുർആൻപരായണം തുടങ്ങിയ പുണ്യകർമ്മങ്ങൾ ചെയ്യണമെന്ന ഒരു പാഠം നമുക്കു മനസ്സിലാക്കാം. എന്നാൽ ലോകത്തിന്റെ അനുഗ്രഹമായ നമ്മുടെ പ്രവാചകരുയുടെ ജനനത്തേക്കാൾ വലിയ എന്തനുഗ്രഹമാണ് നമുക്കു ലഭിച്ചത്?! അതിനാൽ ആ പുണ്യപ്രവാചകരുടെ ജന്മദിനത്തിലും ആ ജന്മം നടന്ന മാസത്തിലും ദാനധർമ്മങ്ങളിലൂടെയും മറ്റും അല്ലാഹുവിനു കൂടുതൽ നന്ദിചെയ്യാൻ പ്രവാചന്റെ ഉമ്മത്തിൽ പെട്ട നമുക്കു ബാധ്യതയുണ്ട്. ഇതുതന്നെയാണ് ലോകമുസ്‌ലിംകൾ കാലങ്ങളായി റബീഉൽഅവ്വലിൽ ആചരിച്ചുപോരുന്ന ആചാരങ്ങളിലും അടങ്ങിയിരിക്കുന്നത്. അരുതാത്തതൊന്നും കലരാതെ ദാനധർമ്മങ്ങൾ, മദ്ഹുഗീതങ്ങൾ തുടങ്ങിയ നന്മകളടങ്ങിയ മൗലിദാചാരങ്ങൾ നന്മ നിറഞ്ഞതും നല്ല ബിദ്അത്തുകളുമാണ്." ഹാഫിള് ഇബ്നുഹജറി(റ)ന്റെ ഫത്‌വാ ഉദ്ധരിച്ചു കഴിഞ്ഞ ശേഷം ഇമാം സുയൂത്വി(റ) പറയുന്നു. "ഈയൊരു തെളിവിനുപുറമെ മൗലിദാചാരത്തിന് ഒരു തെളിവുകൂടി ഞാനുദ്ധരിക്കാം. അതായത് ഇമാം ബയ്ഹഖി(റ) ഉദ്ധരിക്കുന്ന ഒരു ഹദീസിൽ അനസ്(റ) പറുയന്നു: പ്രവാചകൻ(സ) നുബുവ്വത്തിനു ശേഷം തന്റെ പേരിൽ അഖീഖത്ത് അറത്തിരുന്നു. പ്രവാചകന്റെ ജന്മത്തിന്റെ ഏഴാം നാൾ പിതാമഹൻ അബ്ദുൽമുത്ത്വലിബ് അഖീഖത്തറത്തതിനു പുറമെയാണിത്. ഈയൊരു ഹദീസിൽ നിന്ന്, ഒരിക്കൽ മാത്രം അറക്കപ്പെടുന്ന അഖീഖത്ത് പോലും പ്രവാചകൻ(സ) തന്റെ പേരിൽ രണ്ടാമതും അറത്തുകാണിച്ചത്, ലോകാനുഗ്രഹമായി തന്നെ നിയോഗിച്ചതിന് അല്ലാഹുവിനോടു നന്ദി പ്രകടമാക്കാനും തന്റെ ഉമ്മത്തിന് ഒരു മാതൃകയാകാനും വേണ്ടിയാണ്. അതുകൊണ്ട് ഈ പ്രവാചകമാതൃക ഉൾക്കൊണ്ട് വിശ്വാസികൾക്ക് സദ്യ വിളമ്പിയും പ്രവാചകസ്നേഹം പ്രകടമാക്കിയും പുണ്യനബിയുടെ ജന്മദിനമാഘോഷിക്കൽ പുണ്യകരമായ കാര്യം തന്നെയാണ്."

قراء കളുടെ നേതാവായ محمد الجوزي തന്റെ عرف التعريف بالمورد الشريف എന്ന ഗ്രന്ഥത്തിൽ പറയുന്നു: അബൂലഹബിന്റെ മരണശേഷം ഒരാൾ അദ്ദേഹത്തെ സ്വപ്നം കണ്ടു. അബൂലഹബിനോട് അദ്ദേഹം വിവരമന്വേഷിച്ചു. അബൂലഹബ് പറഞ്ഞു. "നരകത്തിൽ തന്നെയാണു ഞാനുള്ളത്. എന്നാലും, എല്ലാ തിങ്കളാഴ്ചരാവിലും എനിക്കു ശിക്ഷയിൽ അല്പം ഇളവു ലഭിക്കാറുണ്ട്. അന്ന് എന്റെ ഈ രണ്ട് വിരലുകൾക്കിടയിലൂടെ ഞാൻ തെളിനീർ ഊമ്പിക്കുടിക്കാറുണ്ട്. പ്രവാചകരു(സ)ടെ ജനനത്തിന്റെ സന്തോഷവാർത്ത അറിയിക്കയും പ്രവാചകനെ മുലയൂട്ടുകയും ചെയ്ത 'സുവൈബ'യെ അടിമത്വത്തിൽ നിന്ന് മോചിതയാക്കിയതു കാരണമാണ് എനിക്കീ ഇളവു ലഭിച്ചത്."

ആലോചിച്ചു നോക്കൂ, വിശുദ്ധഖുർആനിൽ ആക്ഷേപത്തിന്റെ ആയത്തുകൾ അവതരിപ്പിക്കപ്പെട്ട കൊടിയ കാഫിറായ അബൂലഹബിനാണ് പ്രവാചകജന്മത്തിൽ സന്തോഷിച്ചതിന് ഈ പ്രതിഫലം- جزاء ലഭിച്ചത്. എന്നാൽ, ജീവിതം മുഴുക്കെ പ്രവാചകസ്നേഹത്തിലും മൗലിദാചാരത്തിലും കഴിഞ്ഞുകൂടുന്ന ഒരു സത്യവിശ്വാസിക്ക് അല്ലാഹു പ്രതിഫലമായി നല്കുക സ്വർഗ്ഗം തന്നെയായിരിക്കുമെന്നു നമുക്കു ന്യായമായും മനസ്സിലാക്കാം. തിങ്കളാഴ്ച രാവ് അബൂലഹബിനു ശിക്ഷയിളവുണ്ടെന്നത് ഹസീദിൽ സ്ഥിരപ്പെട്ട സംഭവമാണ്. ഇതേസംഭവം, ഹാഫിള് നാസിറുദ്ദീനുദ്ദിമശ്ഖി തന്റെ عودة الصاجي في مولد الهادي എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

ഇന്നു നമ്മുടെ നാട്ടിൽ പ്രചാരത്തിലുള്ള രീതിയിൽ സദ്യകൾ വിളമ്പിയും പ്രവാചകന്റെ മദ്ഹുകൾ പറഞ്ഞുമുള്ള മൗലിദാഘോഷം ആദ്യം തുടങ്ങിയതായി ചരിത്രത്തിൽ രേഖയുള്ളത് ഹിജ്റ: 630-ൽ വഫാത്തായ, ധാരാളം നല്ല ചര്യകളുടെ ഉടമയായ مظفر എന്ന സദ്വൃത്തനായ രാജാവാണ്.

ഇബ്നുകസീർ(റ) തന്റെ താരീഖിൽ ഉദ്ധരിക്കുന്നു. അദ്ദേഹം നീതിമാനും വിജ്ഞനും അതീവബുദ്ധിമാനും ധീരനുമായ ഒരു രാജാവായിരുന്നു. ربيع الأول ൽ അദ്ദേഹം പ്രൗഢമായി മൗലിദാചരിക്കാറുണ്ട്. ابوالخطاب ابن دحية എന്ന പണ്ഡിതൻ التنوير في مولد البشير النذير എന്ന പേരിൽ രാജാവിന് ഒരു മൗലിദ്ഗ്രന്ഥം രചിക്കുകയും അതിനു സമ്മാനമായി രാജാവ് അദ്ദേഹത്തിന് ആയിരം ദീനാർ നൽകുകയും ചെയ്തു.

ഇബ്നുൽജൗസി തന്റെ مرآت الزمان ൽ എഴുതുന്നു: مظفر രാജാവിന്റെ സദ്യയിൽ പങ്കെടുത്ത ഒരാൾ ഉദ്ധരിക്കുന്നു. ആ സദ്യയിൽ അയ്യായിരം ആട്, പതിനായിരം കോഴിത്തല, നൂറു കുതിര, നൂറു ഒട്ടകം കൂടാതെ മധുരപലഹാരങ്ങൾ എന്നിവ ഉണ്ടായിരുന്നു. രാജാവിന്റെ മൗലിദു സദ്യയിൽ പങ്കെടുത്തിരുന്നത് വിശേഷിച്ചും സ്വൂഫികളും ഉലമാഉമായിരുന്നു. അവരുടെയെല്ലാം ആശിർവ്വാദത്തോടെയും അംഗീകാരത്തോടെയുമാണ് ഇതെല്ലാം നടത്തുന്നത്. ഓരോ വർഷവും മൗലിദിനു വേണ്ടി അദ്ദേഹം ചെലവഴിച്ചത് മുന്നുറായിരം ദീനാറാണ്. അതേ സമയം, അദ്ദേഹം ധരിച്ചിരുന്നത് അഞ്ചു ദിർഹമിനു താഴെയുള്ള പരുത്ത വസ്ത്രമായിരുന്നു. ദുൻയാവിനോട് വിരക്തിയും പ്രവാചകരോട് അതിയായ സ്നേഹവുമുള്ള ഈ സദ്വൃത്തനായ രാജാവ് ഹിജ്റ: 630-ൽ ഫ്രഞ്ചിനെ ഉപരോധിച്ചിരിക്കെയാണ് വഫാത്തായത്.



ചുരുക്കത്തിൽ, പ്രമാണബദ്ധമായും മാതൃകാപരമായും കാലങ്ങളായി മുസ്‌ലിംലോകം അനുസ്യൂതം ആചരിച്ചുപോരുന്ന മൗലിദാഘോഷത്തെ വിമർശിക്കുന്നത് ശരിയല്ലെന്നും ഒറ്റപ്പെട്ട വിമർശനങ്ങളെ വിമർശകരുടെ മദ്ഹബുകൾപോലും നോക്കാതെ കേരളീയ സുന്നികൾക്കുമേൽ നിഴൽ ചാർത്തുന്നത് ഒരു നിലക്കും ന്യായീകരിക്കാനാവില്ലെന്നും മനസ്സിലാക്കാം. പ്രവാചകരെ സ്നേഹിക്കാനും അതുവഴി നാളെ അവിടുത്തെ ശഫാഅത്തു സമ്പാദിക്കാനും അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ആമീൻ.

❖


# IPS സ്റ്റോക്കുള്ള പുസ്തകങ്ങൾ

| | |
|---|---|
| ശൈഖുനാ മൗലിദ് (അറബ്) | 15രൂപ |
| അനുസ്മരണക്കുറിപ്പുകൾ | 35 |
| നബി: വ്യക്തിയും വ്യക്തിത്വവും | 20 |
| ശരീഅത്തും വ്യക്തിനിയമവും | 15 |
| ഉച്ചഭാഷിണിയും ഖുതുബയും | 40 |
| സിഹ്ർ | 20 ” |
| നല്ല മനസ്സ് | 20 |
| അദൃശ്യജ്ഞാനം | 20 |
| ലഘുചിന്തകൾ 2-ാം ഭാഗം | 30 |
| ശിർക്ക് | 25 |
| പ്രശ്നോത്തരം 1-ാംഭാഗം | 40 |
| പ്രശ്നോത്തരം 2-ാംഭാഗം | 65 |
| മുതലാളി ബാദ്ധ്യത | 15 |
| സംസം: സ്വർഗ്ഗത്തിലെ നീറുറവ | 15 |
| മുഹമ്മദ് മുസ്ത്വഫ മാപ്പിളപ്പാട്ടുകൾ | 35 |
| മഖ്ബറ ആചാരങ്ങൾ | 20 |

| | |
|---|---|
| ഖുർആൻ സുന്നത്ത്: തിരുത്ത് | 23രൂപ |
| അഹ്‌ലുസ്സുന്ന: | 40 |
| ത്വരീഖത്ത്-അദ്വൈതം | 25 |
| തൗഹീദ്:മുഖാമുഖം | 22 |
| തിരുത്തപ്പെട്ട ഫത്‌വാകൾ | 35 |
| മാസപ്പിറവി കണക്ക് അനിസ്‌ലാമികം | 10 |
| നിവാരണം 1-ാംഭാഗം | 45 |
| നിവാരണം 2-ാംഭാഗം | 45 |
| മദ്ഹബുകൾ | 60 ” |
| ലഘുചിന്തകൾ 1-ാം ഭാഗം | 30 |
| ഖുതുബ ഭാഷയും പരിഭാഷയും | 25 |
| സ്ത്രീ പള്ളിയിൽ | 20 |
| മുഹമ്മദ് മുസ്തഫാ | 20 |
| കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾ | 25 |
| ബുൽബുൽ ദശവാർഷിക പതിപ്പ് | 50 |
| ചിരി ചിന്ത | 15 |
| പ്രതികാരക്കലിപൂണ്ടൊരു പെൺപുലി | 15 |

ദാറുസ്സുന്ന ഇസ്‌ലാമിക കേന്ദ്രം
പാപ്പിനിപ്പാറ-മഞ്ചേരി,
മലപ്പുറം-676122
Ph: 0483 2769031

ഓഫീസ് സെക്രട്ടറി
ബുൽബുൽ ഓഫീസ്
പള്ളിക്കുന്ന്, പി.ഒ. വണ്ടൂർ
679328-മലപ്പുറം, Mob: 9446768040